കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ സ്റ്റെനോഗ്രാഫർ ഗ്രേഡ് II / സ്റ്റെനോടൈപ്പിസ്റ്റ് ഗ്രേഡ് II (ജനറൽ കാറ്റഗറി) (കാറ്റഗറി നമ്പർ. 257/2018) തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 27/01/2022, 28/01/2022, 29/01/2022 തീയതികളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത അറിയിപ്പ് Profile Message, SMS മുഖേന അയച്ചിട്ടുണ്ട്. കോവിഡ്-19 രോഗവ്യാപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ. ഉദ്യോഗാർത്ഥികൾ ഗ്ലൗസ്, മാസ്ക്, ഫെയിസ് ഷീൽഡ് എന്നിവ ധരിച്ചുകൊണ്ട് മാത്രം ഓഫീസിൽ പ്രവേശിക്കേണ്ടതും ഹാൻഡ് സാനിറ്റൈസർ കൈയിൽ കരുതേണ്ടതുമാണ്. ഉദ്യോഗാർത്ഥികൾ വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ച് ആയതും OTV സർട്ടിഫിക്കറ്റും സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ള കോവിഡ്-19 സംബന്ധിച്ച Self declaration പൂരിപ്പിച്ച് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും, ഇന്റർവ്യൂ ദിവസം ഹാജരാക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്കായി ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിൽ കോ-ഓപ്പറേറ്റീവ് സെക്ടർ (സി.എസ്) വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് (0471 - 2546442). ഉദ്യോഗാർത്ഥികൾ KPSC WEBSITE ലെ INTERVIEW SCHEDULE, ANNOUNCEMENT ലിങ്കുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.